2026
NOVEMBER
09
MONDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

ഇന്ത്യയിൽ അതിദാരിദ്ര്യം പകുതിയായി കുറഞ്ഞു

2.6 ശതമാനത്തിലെന്ന് ലോകബാങ്ക് കണക്കുകൾ



ന്യൂദൽഹി: ലോകബാങ്കിന്റെ ഏറ്റവും പുതിയ കണക്കുകൾ പ്രകാരം ഇന്ത്യയിലെ അതിദാരിദ്ര്യം വലിയ തോതിൽ കുറഞ്ഞു. 2023ൽ രാജ്യത്തെ അതിദാരിദ്ര്യ നിരക്ക് 2.6 ശതമാനമായി ചുരുങ്ങിയതായാണ് റിപ്പോർട്ട് വ്യക്തമാക്കുന്നത്. 202223 സാമ്പത്തിക വർഷത്തിൽ ഇത് 5.3 ശതമാനമായിരുന്നു. ഒരു വർഷത്തിനിപ്പുറം ദാരിദ്ര്യ നിരക്ക് പകുതിയായി കുറയ്ക്കാൻ കഴിഞ്ഞത് വലിയ സാമ്പത്തിക മുന്നേറ്റമായാണ് വിലയിരുത്തപ്പെടുന്നത്. 2021ലെ കോൺസ്റ്റന്റ് പർച്ചേസിംഗ് പവർ പാരിറ്റി പ്രകാരം പ്രതിദിനം 3 ഡോളറിൽ താഴെ വരുമാനമുള്ളവരെയാണ് അതിദരിദ്രരായി ലോകബാങ്ക് കണക്കാക്കുന്നത്.

കഴിഞ്ഞ ഒരു പതിറ്റാണ്ടിനിടെ ദാരിദ്ര്യ നിർമ്മാർജ്ജനത്തിൽ ലോകത്തിലെ തന്നെ ഏറ്റവും വേഗതയേറിയ വളർച്ചയാണ് ഇന്ത്യ കൈവരിച്ചിരിക്കുന്നത്. 2011ൽ രാജ്യത്തെ അതിദാരിദ്ര്യ നിരക്ക് 27.1 ശതമാനമായിരുന്നു. അതിൽ നിന്നാണ് ഇപ്പോൾ 2.6 ശതമാനത്തിലേക്ക് രാജ്യം എത്തിയത്.

കേന്ദ്ര സർക്കാരിന്റെ നിരന്തരമായ നയരൂപീകരണങ്ങളും ക്ഷേമപ്രവർത്തനങ്ങളുമാണ് ഇത്തരം സുസ്ഥിരമായ മാറ്റങ്ങൾക്ക് അടിത്തറയിട്ടതെന്ന് ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കി. ദാരിദ്ര്യത്തിനൊപ്പം രാജ്യത്തെ ഉപഭോഗ അസമത്വത്തിലും കുറവുണ്ടായിട്ടുണ്ടെന്ന് സാമ്പത്തിക സൂചകങ്ങൾ വ്യക്തമാക്കുന്നു.

അതിദാരിദ്ര്യത്തിൽ വലിയ കുറവുണ്ടായപ്പോഴും രാജ്യത്തെ വരുമാന വ്യത്യാസവും പ്രാദേശികമായ അസമത്വവും വലിയ വെല്ലുവിളിയായി തുടരുന്നുണ്ടെന്ന് ലോകബാങ്ക് ചൂണ്ടിക്കാണിക്കുന്നു. ഉയർന്ന വരുമാനമുള്ള ആദ്യ 10 ശതമാനം ആളുകളുടെ വേതനം ഏറ്റവും താഴെയുള്ള 10 ശതമാനത്തേക്കാൾ 13 മടങ്ങ് കൂടുതലാണ്. കൂടാതെ, രാജ്യത്തെ പാവപ്പെട്ടവരിൽ 57 ശതമാനവും ഉത്തർപ്രദേശ് മുതൽ പശ്ചിമ ബംഗാൾ വരെയുള്ള പ്രത്യേക ഭൂമിശാസ്ത്ര മേഖലകളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. അതിനാൽ ഈ സംസ്ഥാനങ്ങളിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കേണ്ടത് ഇനിയുള്ള ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് അത്യന്താപേക്ഷിതമാണ്.

തൊഴിൽ രംഗത്ത് 2017നും 2023നും ഇടയിൽ 13.4 കോടി പുതിയ ആളുകൾ കടന്നുവന്നത് രാജ്യത്തിന് അനുകൂലമായ ഘടകമാണ്. ഇതിൽ ഭൂരിഭാഗവും ഗ്രാമീണ മേഖലയിലെ വനിതകളാണ്. എങ്കിലും യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മ നിരക്ക് 15.9 ശതമാനമായി ഉയർന്നത് ആശങ്കയുണ്ടാക്കുന്നു.

വരും വർഷങ്ങളിലും ഇന്ത്യയിൽ ദാരിദ്ര്യം ക്രമമായി കുറയുമെന്നാണ് ലോകബാങ്കിന്റെ പ്രവചനം. 2047ഓടെ വികസിത രാഷ്ട്രമാകുക എന്ന ലക്ഷ്യത്തിലേക്ക് നീങ്ങുന്ന ഇന്ത്യയ്ക്ക് ഈ റിപ്പോർട്ട് വലിയ ആത്മവിശ്വാസമാണ് നൽകുന്നത്.



സാറ്റലൈറ്റ് കമ്യൂണിക്കേഷൻ സേവനങ്ങളിൽ വലിയ മാറ്റത്തിന് നിർദേശവുമായി ട്രായ്

ന്യൂദൽഹി: രാജ്യത്തെ സാറ്റലൈറ്റ് കമ്യൂണിക്കേഷൻ സേവനങ്ങളിൽ വലിയ മാറ്റത്തിന് സാധ്യത. ടവറുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ മൊബൈൽ ഫോണുകളിലേക്ക് നേരിട്ട് കണക്റ്റിവിറ്റി നൽകാൻ ഉപഗ്രഹ ശൃംഖലകൾ ഉപയോഗിക്കാൻ ടെലികോം ഓപ്പറേറ്റർമാരെ അനുവദിക്കണമെന്ന് ടെലികോം റെഗുലേറ്ററി അതോറിറ്റി (ട്രായ്) നിർദ്ദേശിച്ചു.

ടെലികോം ഓപ്പറേറ്റർമാർക്ക് ഇതിനുള്ള സംവിധാനം പാട്ടത്തിന് നൽകാൻ സാറ്റലൈറ്റ് കമ്പനികൾക്ക് സാധിക്കുന്ന പുതിയ രീതിയും ട്രായ് ശുപാർശ ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ പങ്കിടാനുള്ള സാധ്യത തുറന്നു നൽകുന്നതാണ് ഈ നിർദേശങ്ങൾ.

സാറ്റലൈറ്റ് കണക്റ്റിവിറ്റിയെ നിലവിലുള്ള ടെലികോം സംവിധാനങ്ങളുമായി സംയോജിപ്പിക്കാൻ ലക്ഷ്യമിടുന്നതാണ് ട്രായ് ശുപാർശകൾ. അവ പ്രാവർത്തികമായാൽ സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ നെറ്റ്വർക്ക് പ്രൊവൈഡർ (എസ്സിഎൻ പ്രൊവൈഡർ) എന്ന പുതിയൊരു സംവിധാനം നിലവിൽ വരും.

ഇതോടെ കമ്പനികൾക്ക് ഉപഗ്രഹ ശൃംഖലകൾ സ്ഥാപിക്കാനും പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും ലൈസൻസുള്ള ടെലികോം കമ്പനികൾക്ക് അവരുടെ സേവനം വാഗ്ദാനം ചെയ്യാനും സാധിക്കും. എന്നാൽ ഉപയോക്താക്കൾക്ക് നേരിട്ട് ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ നൽകാൻ അവരെ അനുവദിക്കില്ല.

ഇതോടെ സ്റ്റാർലിങ്ക് പോലെയുള്ള സാറ്റലൈറ്റ് കമ്പനികൾക്ക് ഭാരതി എയർടെൽ പോലെയുള്ള ടെലികോം ഓപ്പറേറ്റർമാർക്ക് നെറ്റ്വർക്ക് നൽകാൻ കഴിയും. എയർടെല്ലിനാകട്ടെ അത് ഉപയോഗിച്ച് വരിക്കാർക്ക് കണക്റ്റിവിറ്റി നൽകാനും സാധിക്കും.

അതുപോലെ സാറ്റലൈറ്റ് നെറ്റ്വർക്ക് ഓപ്പറേറ്റർമാർക്ക് ഒന്നിലധികം ടെലികോം കമ്പനികൾക്ക് സേവനം നൽകാനും സാധിക്കും. പുതിയ ലൈസൻസിന് 20 വർഷത്തെ കാലാവധിയും മറ്റൊരു 20 വർഷത്തേക്ക് കൂടി പുതുക്കാനുള്ള വ്യവസ്ഥയും ഉണ്ടായിരിക്കണമെന്ന് ട്രായ് നിർദ്ദേശിച്ചിട്ടുണ്ട്.

പുതിയ നാഴികക്കല്ലുമായി കൊച്ചി വാട്ടർ മെട്രോ; 80 ലക്ഷം യാത്രക്കാർ, 30 കോടി ടിക്കറ്റ് വരുമാനം

കൊച്ചി: കൊച്ചിയുടെ അഭിമാനമായ വാട്ടർ മെട്രോ മറ്റൊരു ചരിത്ര നേട്ടം കൂടി സ്വന്തമാക്കി. സുസ്ഥിരവും പരിസ്ഥിതി സൗഹൃദവുമായ ജലഗതാഗത രംഗത്ത് മാതൃകയായ കൊച്ചി വാട്ടർ മെട്രോ 80 ലക്ഷം യാത്രക്കാർ എന്ന നേട്ടത്തിലെത്തി.

വാട്ടർ മെട്രോ സർവീസ് ആരംഭിച്ച് 2026 നവംബർ 5 വരെയുള്ള മൂന്നര വർഷത്തിനിടെ 80,23,171 പേരാണ് യാത്ര ചെയ്തത്. 2023 ഏപ്രിൽ 26ന് സർവീസ് ആരംഭിച്ച 202324 സാമ്പത്തിക വർഷം 18,44,375 പേരും 202425 സാമ്പത്തിക വർഷം 21,08,148 പേരും 202526 സാമ്പത്തിക വർഷം 24,64,559 പേരും 2026 27 ഈ സാമ്പത്തിക വർഷം ഒക്ടോബർ 31 വരെ 15,69,802 പേരും വാട്ടർ മെട്രോ പ്രയോജനപ്പെടുത്തി.

തുടക്കം മുതൽ തന്നെ പൊതുജനങ്ങൾ നൽകിയ വലിയ പിന്തുണയും സ്വീകാര്യതയുമാണ് നേട്ടത്തിനു കാരണം.



സെമികണ്ടക്ടർ മേഖലയിൽ കുതിക്കാൻ ഇന്ത്യ; 7,503 കോടി രൂപയുടെ 12 പദ്ധതികൾക്ക് കേന്ദ്ര അനുമതി

ന്യൂഡൽഹി: ഇലക്ട്രോണിക്സ് നിർമാണമേഖലയിലും സെമികണ്ടക്ടർ രംഗത്തും രാജ്യം സ്വയംപര്യാപ്തതയിലേക്കു കുതിക്കുന്നു. ഇലക്ട്രോണിക് ഘടക നിർമാണ പദ്ധതി (ഇ.സി.എം.എസ്.) പ്രകാരം 7,503 കോടി രൂപയുടെ പുതിയ 12 പദ്ധതികൾക്ക് കേന്ദ്രം അനുമതി നൽകി. 1.27 ലക്ഷം കോടി രൂപയുടെ 'സെമികോൺ 2.0' പദ്ധതിയിലെ അപേക്ഷകൾക്ക് പോർട്ടലും തുറന്നു.

ഇവയിലൂടെ 29,000 കോടിയിലേറെ രൂപയുടെ ഉത്പാദനവും ഏഴായിരത്തിലേറെ തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഐ.ടി. മന്ത്രാലയം സെക്രട്ടറി എസ്. കൃഷ്ണൻ അറിയിച്ചു. ബാറ്ററി നിർമാണമേഖലയിലെ വിദേശ ആശ്രയത്വം കുറയ്ക്കാൻ രാജ്യത്ത് ആദ്യമായി കാഥോഡ് മെറ്റീരിയൽ നിർമാണയൂണിറ്റ് സ്ഥാപിക്കും. ഇ.സി.എം.എസ്. ബജറ്റ് 22,000 കോടിയിൽനിന്ന് 40,000 കോടി രൂപയായി ഉയർത്തി.

ഇ.സി.എം.എസിനു കീഴിൽ 16 സംസ്ഥാനങ്ങളിലായി 118 അപേക്ഷകൾക്ക് അംഗീകാരം നൽകി. യഥാർഥ ലക്ഷ്യമായിരുന്ന 59,350 കോടി രൂപ മറികടന്ന്, 77,051 കോടി രൂപയുടെ നിക്ഷേപങ്ങൾക്ക് അനുമതിയായി. ഉത്പാദനലക്ഷ്യം 4.56 ലക്ഷം കോടിയിൽനിന്ന് 5.73 ലക്ഷം കോടിയായി ഉയർന്നു. 81,755 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.



പദ്ധതി പൂർണമാവുന്നതോടെ ലക്ഷ്യമിട്ട 91,600 തൊഴിലവസരം നേടാനാകുമെന്ന് കൃഷ്ണൻ വ്യക്തമാക്കി. പദ്ധതിയിൽ കേരളത്തിൽനിന്ന് അപേക്ഷകരൊന്നുമില്ല. അതേസമയം, കേരളത്തിലെ സംരംഭകരായ നെസ്റ്റ് ഗ്രൂപ്പിന്റെ കീഴിലുള്ള എസ്.എഫ്.ഒ. ടെക്നോളജീസിന് തമിഴ്നാട്ടിലെ കമ്പത്ത് പി.സി.ബി. നിർമാണ യൂണിറ്റിന് അനുമതി ലഭിച്ചതായി സി.ഇ.ഒ. മുജീബ് റഹ്മാൻ 'മാതൃഭൂമി'യോടു പറഞ്ഞു.

പഞ്ചാബുമുതൽ തമിഴ്നാടുവരെയുള്ള സംസ്ഥാനങ്ങളിലേക്ക് ഇലക്ട്രോണിക്സ് നിർമാണശൃംഖല വ്യാപിപ്പിക്കാൻ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ടെന്നും അപ്സ്ട്രീം ഘടക ഉത്പാദനത്തിൽ ഉത്തർപ്രദേശും മധ്യപ്രദേശും മുന്നേറ്റം നടത്തുന്നുണ്ടെന്നും സെക്രട്ടറി വ്യക്തമാക്കി.

സെമികോൺ 2.0 പദ്ധതിയുടെ കീഴിലുള്ള പ്രധാന മൂന്ന് സ്തംഭങ്ങൾക്കായി അപേക്ഷ ക്ഷണിക്കുന്ന വെബ് പോർട്ടൽ മന്ത്രി അശ്വിനി വൈഷ്ണവ് തുറന്നു. സെമികണ്ടക്ടർ എക്യുപ്മെന്റ് ആൻഡ് മെറ്റീരിയൽസ്, സെമികണ്ടക്ടർ ഫാബുകൾ, അഡ്വാൻസ്ഡ് പാക്കേജിങ് എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

സൊസൈറ്റി ടുഡേ SOCIETY TODAY



കഴിഞ്ഞ പത്ത് വർഷത്തിനിടെ കേരളത്തിലെ കണ്ടൽക്കാട് വിസ്തൃതി വർധിച്ചുവെന്ന് പഠനം

നാല് പതിറ്റാണ്ടിനിടെ ബംഗാൾ ഉൾക്കടലിൽ 100ലേറെ സമുദ്ര ഉഷ്ണതരംഗങ്ങൾ

കൊച്ചി: കഴിഞ്ഞ പത്ത് വർഷത്തിനിടെ സംസ്ഥാനത്തെ കണ്ടൽക്കാട് വിസ്തൃതിയിൽ വർധനയുണ്ടായതായി പഠനം. തീരദേശ പരിസ്ഥിതിക്ക് പ്രതീക്ഷ നൽകുന്ന പഠനം സിഎംഎഫ്ആർഐയിലെ അന്താരാഷ്ട്ര സമുദ്ര സിമ്പോസിയത്തിൽ അവതരിപ്പിച്ചു. സിഎംഎഫ്ആർഐ നടത്തിയ പഠനത്തിൽ 2017ലെയും 2026ലെയും ഉപഗ്രഹ ചിത്രങ്ങൾ താരതമ്യം ചെയ്താണ് കേരളത്തിലെ തീരദേശ ജില്ലകളിലെ കണ്ടൽക്കാടുകളുടെ വിസ്തൃതിയിലുണ്ടായ മാറ്റങ്ങൾ വിലയിരുത്തിയത്. കഴിഞ്ഞ അഞ്ച് പതിറ്റാണ്ടിനിടെ കേരളത്തിന് ഏകദേശം 90 ശതമാനം കണ്ടൽക്കാടുകൾ നഷ്ടമായിട്ടുണ്ടെങ്കിലും, സമീപകാലത്ത് മൊത്തത്തിലുള്ള വിസ്തൃതിയിൽ വർധനയുണ്ടായെന്നാണ് കണ്ടെത്തൽ. മീനുകളുടെ പ്രജനനത്തിനും വളർച്ചയ്ക്കും അനുയോജ്യമായ ആവാസകേന്ദ്രങ്ങളാണ് കണ്ടൽക്കാടുകൾ. ചുഴലിക്കാറ്റുകൾ, കൊടുങ്കാറ്റുകൾ, കടൽക്ഷോഭം എന്നിവയിൽ നിന്ന് തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനൊപ്പം അന്തരീക്ഷത്തിലെ കാർബൺ ആഗിരണം ചെയ്യുന്നതിലും ഇവ നിർണായക പങ്കു വഹിക്കുന്നു. ഉപഗ്രഹ അധിഷ്ഠിത നിരീക്ഷണത്തിലൂടെ കണ്ടൽക്കാടുകളുടെ പുനരുജ്ജീവനം വിലയിരുത്താനും തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും കഴിയുമെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു.

ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല കെമിക്കൽ ഓഷ്യാനോഗ്രഫി വിഭാഗം, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായാണ് മൂന്ന് ദിവസത്തെ അന്താരാഷ്ട്ര സിമ്പോസിയം സംഘടിപ്പിച്ചത്.

സമുദ്ര ആവാസവ്യവസ്ഥയിൽ കാലാവസ്ഥാ വ്യതിയാനം സൃഷ്ടിക്കുന്ന പ്രത്യാഘാതം ബോധ്യപ്പെടുത്തുന്നതായിരുന്നു സിമ്പോസിയത്തിൽ അവതരിപ്പിച്ച മറ്റൊരു പഠനം. 1982നും 2023നും ഇടയിൽ ബംഗാൾ ഉൾക്കടലിൽ 100ലേറെ സമുദ്ര ഉഷ്ണതരംഗങ്ങൾ ഉണ്ടായതായി കണ്ടെത്തി. ഇവയുടെ ആവർത്തനത്തിലും ആകെ തീവ്രതയിലും വർധനയുണ്ടായിട്ടുണ്ട്. ബംഗ്ലാദേശിലെ ഷഹ്ജലാൽ ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സമുദ്രശാസ്ത്ര വിഭാഗമാണ് പഠനം അവതരിപ്പിച്ചത്.

പ്രതിദിന സമുദ്രോപരിതല താപനിലയുടെ വിവരങ്ങൾ വിശകലനം ചെയ്തപ്പോൾ, പ്രത്യേകിച്ച് 2000ന് ശേഷം സമുദ്ര ഉഷ്ണതരംഗങ്ങളുടെ ആവർത്തനം വർധിച്ചതായി കണ്ടെത്തി. 2016ൽ അതിതീവ്രവും ദീർഘകാലം നീണ്ടുനിന്നതുമായ ഉഷ്ണതരംഗങ്ങൾ രേഖപ്പെടുത്തിയിരുന്നു. ആഗസ്ത്, നവംബർ മാസങ്ങളിലാണ് ഇവ കൂടുതലായി ഉണ്ടായത്. അതേസമയം, ഏറ്റവും തീവ്രമായ ഉഷ്ണതരംഗങ്ങൾ പൊതുവെ മൺസൂണിന് മുമ്പുള്ള മാസങ്ങളിലാണ് രേഖപ്പെടുത്തിയത്.ഇത് സമുദ്ര ആവാസവ്യവസ്ഥയ്ക്ക് ഗുരുതരമായ ഭീഷണിയാകുമെന്ന് ഗവേഷകർ മുന്നറിയിപ്പ് നൽകുന്നു.



ഓൾ കേരള ഓപ്പൺ കിഡ്സ് അത്‌ലറ്റിക്സ് മീറ്റ് സംഘടിപ്പിച്ചു

കൊച്ചി: നാലാമത് ഓൾ കേരള ഓപ്പൺ കിഡ്സ് അത്‌ലറ്റിക്സ് മീറ്റ് സംഘടിപ്പിച്ചു. മാക് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ എറണാകുളം മഹാരാജാസ് ഗ്രൗണ്ടിലാണ് മീറ്റ് നടന്നത്. മത്സരങ്ങളുടെ ഔപചാരിക ഉദ്ഘാടനം സീനിയർ ദേശീയ വെറ്ററൻ അത്‌ലറ്റിക്സ് ചാമ്പ്യൻ ജോസ് മാവേലി നിർവഹിച്ചു.

നാളെയുടെ കായികതാരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് മീറ്റ് സംഘടിപ്പിച്ചത്. കുട്ടികൾക്ക് മത്സരപരിചയവും കായികരംഗത്ത് മുന്നേറാനുള്ള ആത്മവിശ്വാസവും ലഭിക്കുന്നതിന് ഇത്തരം മത്സരങ്ങൾ ഏറെ പ്രയോജനകരമാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ ജോസ് മാവേലി പറഞ്ഞു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 500ലധികം കുട്ടിത്താരങ്ങൾ മീറ്റിൽ പങ്കെടുത്തു.

മാക് ഗ്രൂപ്പ് പ്രതിനിധികളായ ഡോ. വി നോദ് പത്മനാഭൻ, ഡോ. സാഗർ, വി.ടി. അശോക്, സജിമോൻ, വർഗീസ് പി.എ., സുനിൽകുമാർ, ആൻഡ്രൂസ്, ഷോണി ഗിരീഷ്, വർഗീസ് ലോറൻസ്, സിജോ ജോർജ്, ആന്റണി സേവ്യർ, ഷാജി, ജൂലിയസ് എന്നിവർ നേതൃത്വം നൽകി.



കുസാറ്റ് മോഡൽ യുണൈറ്റഡ് നേഷൻസ് ലോഗോ പ്രകാശനം ചെയ്തു

കൊച്ചി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ യൂത്ത് വെൽഫെയർ വകുപ്പിന്റെ നേതൃത്വത്തിൽ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിന്റെ സഹകരണത്തോടെ 2027 ജനുവരി 22 മുതൽ 24 വരെ നടക്കുന്ന കുസാറ്റ് മോഡൽ യുണൈറ്റഡ് നേഷൻസ് ലോഗോ ഫിഷറീസ് സാമൂഹ്യ നീതി വകുപ്പ് മന്ത്രി അബ്ദുൽ ഗഫൂർ പ്രകാശനം ചെയ്തു. സർവ്വകലാശാല രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി. സി, യൂത്ത് വെൽഫെയർ ഡയറക്ടർ ഡോ. പി. കെ ബേബി, മോഡൽ യുണൈറ്റഡ് നേഷൻസ് ഡയറക്ടർ ജനറൽ ഗംഗ പ്രമോദ് എന്നിവർ പങ്കെടുത്തു. 3 ലക്ഷം രൂപ പ്രൈസ് മണി നൽകുന്ന കുസാറ്റ് മോഡൽ യുണൈറ്റഡ് നേഷൻസ് അഞ്ചാമത് എഡിഷൻ സൗത്ത് ഇന്ത്യയിലെ വലിയ മോഡൽ യുണൈറ്റഡ് നേഷൻസ് ആണ്. യുണൈറ്റഡ് നേഷൻസ് വുമൺ, യുണൈറ്റഡ് നേഷൻസ് ഓഫീസ് ഓൺ ഡ്രഗ്സ് ആൻഡ് ക്രൈം, ഓൾ ഇന്ത്യ പൊളിറ്റിക്കൽ പാർട്ടീസ് മീറ്റ്, യുണൈറ്റഡ് നേഷൻസ് ഹൈ കമ്മിഷണർ ഫോർ റെഫ്യൂജീസ്, യുണൈറ്റഡ് നേഷൻസ് ഫ്ലാഗ്ഷിപ് ടെക്നോളജി കമ്മിറ്റി, അന്തരാരാഷ്ട്ര നിരായുധീകരണ സുരക്ഷാ കമ്മിറ്റി, അന്തരാരാഷ്ട്രആൻഡ് അന്തരാരാഷ്ട്ര ഫോട്ടോജേർണലിസം എന്നിങ്ങനെ എട്ടു കമ്മറ്റികളിലായി 2027 ജനുവരി 22 മുതൽ 24 വരെ കുസാറ്റ് മോഡൽ യുണൈറ്റഡ് നേഷൻസ് നടക്കും. ജില്ലാ കളക്ടർ പ്രിയങ്ക ജി., വൈസ് ചാൻസലർ ഡോ. എം. ജുനൈദ് ബുഷിരി എന്നിവർ രക്ഷാധികാരികളായ ഓർഗനൈസിംഗ് കമ്മറ്റി കുസാറ്റ് മോഡൽ യുണൈറ്റഡ് നേഷൻസ് അഞ്ചാമത് എഡിഷന് നേതൃത്വം നൽകും.



സൊസൈറ്റി ടുഡേ SOCIETY TODAY



സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര സിമ്പോസിയത്തിന്റെ സമാപന സംഗമത്തോട് അനുബന്ധിച്ച് നടന്ന പാനൽ ചർച്ചയിൽ കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറി ഡോ. ടി. ശ്രീനിവാസ കുമാർ സംസാരിക്കുന്നു.

ആഴക്കടൽ പര്യവേക്ഷണം, കാലാവസ്ഥാ സേവനങ്ങൾ, ബ്ലൂ ഇക്കോണമി എന്നിവയ്ക്ക് മുൻഗണന കേന്ദ്ര സെക്രട്ടറി

സിഎംഎഫ്ആർഐയിൽ നടന്ന രാജ്യാന്തര സമുദ്രസിമ്പോസിയം സമാപിച്ചു

കൊച്ചി: ആഴക്കടൽ പര്യവേക്ഷണം, കാലാവസ്ഥ അധിഷ്ഠിത സേവനങ്ങൾ, ബ്ലൂ ഇക്കോണമി എന്നിവയാണ് കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ മുൻഗനയിലുള്ളതെന്ന് സെക്രട്ടറി ടി ശ്രീനിവാസ കുമാർ. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ നടന്ന രാജ്യാന്തര സമുദ്രസിമ്പോസിയത്തിന്റെ സമാപന സമ്മേളത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഴക്കടൽ ഗവേഷണ ദൗത്യത്തിന്റെ ഭാഗമായി തദ്ദേശീയ സാങ്കേതികവിദ്യകളും സമുദ്രനിരീക്ഷണ സംവിധാനങ്ങളു വികസിപ്പിക്കും.അതിവേഗ കംപ്യൂട്ടിങ്, നിർമിതബുദ്ധി എന്നിവയിലൂടെ കാലാവസ്ഥാ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കുറ്റമറ്റതാക്കും. പൃഥ്വി വിജ്ഞാൻ പദ്ധതിയിലൂടെ കാലാവസ്ഥാസമുദ്ര സേവനങ്ങളും പ്രകൃതിദുരന്ത മുന്നറിയിപ്പ് സംവിധാനങ്ങളും മെച്ചപ്പെടുത്തും. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ശാസ്ത്രീയ ഗവേഷണങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും സാധാരണ ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും ഡോ. ടി. ശ്രീനിവാസ കുമാർ പറഞ്ഞു. ഡ്രോണുകളും നിർമിതബുദ്ധിയും ഉൾപ്പെടെയുള്ള നൂതന സാങ്കേതികവിദ്യകൾ സുസ്ഥിര മത്സ്യബന്ധനത്തിന് പ്രയോജനപ്പെടുത്തുന്നതിനെക്കുറിച്ചുള്ള പാനൽ ചർച്ചയ്ക്കും അദ്ദേഹം നേതൃത്വം നൽകി.

സമുദ്ര ആവാസവ്യവസ്ഥകൾ നേരിടുന്ന വെല്ലുവിളികൾ സംയുക്തമായി നേരിടുന്നതിന് ബഹുരാഷ്ട്ര സമുദ്ര നിരീക്ഷണ സംവിധാനം രൂപീകരിക്കണമെന്ന് നിർദേശിക്കുന്ന കൊച്ചി പ്രഖ്യാപനം രാജ്യാന്തര സിമ്പോസിയം അംഗീകരിച്ചു. ഏഴിന നിർദേശം കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം സെക്രട്ടറിക്ക് കൈമാറി.

സമുദ്ര നിരീക്ഷണ വിവരങ്ങൾ, കാലാവസ്ഥാ വിവരങ്ങൾ, മത്സ്യബന്ധന ഗവേഷണം എന്നിവ സംയോജിപ്പിക്കുന്നത് ശാസ്ത്രീയമായ ധാരണ മെച്ചപ്പെടുത്താനും തെളിവുകളുടെ അടിസ്ഥാനത്തിൽ മത്സ്യബന്ധന അക്വാകൾച്ചർ മേഖലകളിൽ തീരുമാനങ്ങളെടുക്കാനും സഹായിക്കുമെന്ന് സിമ്പോസിയം വിലയിരുത്തി.

തദ്ദേശീയ അറിവുകൾ ശാസ്ത്രീയ ഗവേഷണവുമായി സംയോജിപ്പിച്ചും തീരദേശ സമൂഹങ്ങളുടെ കാലാവസ്ഥാ പ്രതിരോധശേഷിയും ക്ഷേമവും മെച്ചപ്പെടുത്തണമെന്നും നിർദേശത്തിലുണ്ട്.

ട്രെവർ പ്ലാറ്റ് സയൻസ് ഫൗണ്ടേഷൻ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ രാസ സമുദ്രശാസ്ത്ര വിഭാഗം, സിഎംഎഫ്ആർഐ, മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ എന്നിവ സംയുക്തമായാണ് സിമ്പോസിയം സംഘടിപ്പിച്ചത്.

30 രാജ്യങ്ങളിൽനിന്നായി 300ലധികം പ്രതിനിധികൾ പങ്കെടുത്തു. 250ഓളം ശാസ്ത്രീയ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

കുസാറ്റ് വൈസ് ചാൻസലർ ഡോ. ജൂനൈദ് എം. ബുഷിരി, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, പ്രൊഫ. ശുഭ സത്യേന്ദ്രനാഥ്, ഡോ. നന്ദിനി മേനോൻ, ഡോ. എൽദോ വർഗീസ് എന്നിവർ സംസാരിച്ചു.

ഇന്ത്യയിലെ മികച്ച ദുരന്തനിവാരണ –പ്രതിരോധശേഷി പദ്ധതി കേരളത്തിൽ നടപ്പാക്കും: മുഖ്യമന്ത്രി



കൊച്ചി: ഇന്ത്യയിലെ ഏറ്റവും മികച്ച ദുരന്തനിവാരണ-പ്രതിരോധശേഷി പദ്ധതി കേരളത്തിൽ നടപ്പാക്കുമെന്ന് മുഖ്യമന്ത്രി വി.ഡി. സതീശൻ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും കാലാവസ്ഥാ പ്രവചനത്തെക്കുറിച്ചുമുള്ള പഠനങ്ങളിലും ഗവേഷണങ്ങളിലും മികച്ച സംഭാവനകൾ നൽകുന്ന സ്ഥാപനങ്ങളിലൊന്നാണ് കുസാറ്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കുസാറ്റിൽ നടന്ന ദ്വിദിന സംസ്ഥാനതല തീരദേശ പരമാധികാര-കാലാവസ്ഥാ പ്രതിരോധ സമ്മേളനത്തിന്റെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സാരിക്കുകയായിരുന്നു സതീശൻ.

കുസാറ്റ് വൈസ് ചാൻസലർ പ്രൊഫ. ഡോ. എം. ജുനൈദ് ബുഷിരി സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. തീരഭൂസംരക്ഷണവേദി ചെയർപേഴ്സൺ മാഗ്ലിൻ പീറ്റർ സ്വാഗതം പറഞ്ഞു. ഫിഷറീസ്, സാമൂഹ്യ നീതി വകുപ്പ് മന്ത്രി വി.ഇ. അബ്ദുൾ ഗഫൂർ മുഖ്യപ്രഭാഷണം നടത്തി. ഹൈബി ഈഡൻ എം.പി., കുസാറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ ഡോ. പ്രവീൺ സി. എസ്, അരുൺ എസ്. പി, കുസാറ്റ് രജിസ്ട്രാർ ഡോ. ഹരിഗോവിന്ദ് പി.സി, എന്നിവരും സംസാരിച്ചു. തീരഭൂസംരക്ഷണവേദി വൈസ്ചെയർമാൻ ബിജു കണ്ണങ്ങാട്ട് നന്ദി പറഞ്ഞു.

മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകി പരിഹാരം കാണേണ്ടതുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. മത്സ്യമേഖലയ്ക്കായുള്ള പ്രത്യേക ഫിഷറീസ് സബ്പ്ലാൻ, ഭവനപദ്ധതി, പൊഴിയൂർ, പൂവാർ തുടങ്ങിയ തീരദേശമേഖലകളിലെ വികസന പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് സതീശൻ വിശദീകരിച്ചു. മിഷൻ സമുദ്രയുടെ ഭാഗമായി മാരികൈം, ഫിഷറീസ് മേഖലകളിൽ വിദ്യാഭ്യാസം, നൈപുണ്യവികസനം, തൊഴിൽ അവസരങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകുമെന്നും സതീശൻ പറഞ്ഞു. കാലാവസ്ഥാവ്യതിയാനത്തെ നേരിടുന്നതിനുള്ള നടപടികൾ, കൃത്യമായ ദുരന്ത പ്രവചനം, മുൻകൂട്ടിയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ ദുരന്ത ലഘൂകരണ പദ്ധതികൾ, ദുരന്തനിവാരണത്തിനുള്ള പ്രവർത്തന മാർഗരേഖകൾ എന്നിവ ശക്തിപ്പെടുത്തുമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

തീരദേശസമൂഹങ്ങളുടെ അവകാശങ്ങളും കാലാവസ്ഥാ അതിജീവന ശേഷിയും സംബന്ധിച്ച നിയമ നിർമാണനയനിർദേശങ്ങൾ ഉൾക്കൊള്ളുന്ന വിശദ രേഖ സമ്മേളനത്തിലെ പ്രധാന വിഷയമായിരുന്നു. തീരദേശ സമൂഹങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച കരട് നിയമം ഡോ. കെ.എച്ച്. അമിത ബച്ചൻ അവതരിപ്പിച്ചു. തീരദേശജനതയുടെ അവകാശ സംരക്ഷണത്തിനും ഉപജീവന സുരക്ഷയ്ക്കും കാലാവസ്ഥാ അതിജീവനത്തിനുമുള്ള തുടർ നടപടികൾ സംബന്ധിച്ച് സംഘടനാ പ്രതിനിധികളും വിദഗ്ധരും ഗവേഷകരും ചർച്ച നടത്തി.

കുസാറ്റ് സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, തീരഭൂസംരക്ഷണവേദി, വെസ്റ്റേൺ ഘാട്സ് ഹോൺബിൽ ഫൗണ്ടേഷൻ, എം.ഇ.എസ്. അസ്മാബി കോളേജിലെ സി.ഇ.ടി.സി. എന്നിവയുടെ സംയുക്താഭിമുഖ്യത്തിലായിരുന്നു സമ്മേളനം.

സൊസൈറ്റി ഫോർ ടോക്സിനോളജി ആൻഡ് സ്നേക്ക്ബൈറ്റ് മിറ്റിഗേഷൻ കൊച്ചിയിൽ ആദ്യ ദേശീയ സമ്മേളനം സംഘടിപ്പിച്ചു

കൊച്ചി: സൊസൈറ്റി ഫോർ ടോക്സിനോളജി ആൻഡ് സ്നേക്ക് ബൈറ്റ് മിറ്റിഗേഷനും കൊച്ചി അമൃത ആശുപത്രിയും സംയുക്തമായി സംഘടിപ്പിച്ച പാമ്പുകടിയെയും വെനോമിക്സിനെയും കുറിച്ചുള്ള ദേശീയ സമ്മേളനവും സൊസൈറ്റിയുടെ പ്രഥമ ജനറൽ ബോഡി യോഗവും നവംബർ 5, 6 തീയതികളിൽ കൊച്ചി അമൃത ആശുപത്രിയിൽ നടന്നു. രണ്ടു ദിവസങ്ങളിലായി നടന്ന സമ്മേളനത്തിൽ ക്ലിനിക്കൽ വിദഗ്ധർ, ഹെർപ്പറ്റോളജിസ്റ്റുകൾ, ടോക്സിനോളജിസ്റ്റുകൾ, പൊതുജനാരോഗ്യ പ്രവർത്തകർ എന്നിവരടക്കം 30 പ്രഭാഷകരും 120 പ്രതിനിധികളും പങ്കെടുത്തു. പാമ്പുകടി പ്രതിരോധം, ചികിത്സ എന്നിവയിലെ പുതിയ മുന്നേറ്റങ്ങളും വെനോമിക്സിലെ നവീന കണ്ടെത്തലുകളും ചർച്ച ചെയ്യുന്നതിനായി രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധർ 31 ശാസ്ത്രീയ സെഷനുകൾ അവതരിപ്പിച്ചു.



അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ്.ടി.എസ്.എം. പ്രസിഡന്റ് ഡോ. സദാനന്ദ ദഗഡു റൗത്ത്, അമൃത വിശ്വവിദ്യാപീഠം റിസർച്ച് ഡീൻ ഡോ. ഡി. എം. വാസുദേവൻ, അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ കെ. പി., ഭുവനേശ്വർ എൻഐഎഎച്ച്ആർ ഡയറക്ടർ ഡോ. സംഘമിത്ര പതി, എസ്.ടി.എസ്.എം. സെക്രട്ടറിയും അമൃത ആശുപത്രി അസോസിയേറ്റ് റിസർച്ച് ഡീനുമായ ഡോ. ജയ്ദീപ് സി. മേനോൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

ഗ്രാമീണകാർഷിക മേഖലകളിൽ കനത്ത ആഘാതമുണ്ടാക്കുന്ന, എന്നാൽ പലപ്പോഴും അവഗണിക്കപ്പെടുന്ന ഒരു പൊതുജനാരോഗ്യ പ്രതിസന്ധിയായ പാമ്പുകടിയേറ്റുള്ള വിഷബാധയെ ഫലപ്രദമായി പ്രതിരോധിക്കുക എന്ന ലക്ഷ്യത്തിൽ രൂപീകരിച്ച സംഘടനയാണ് സൊസൈറ്റി ഫോർ ടോക്സിനോളജി ആൻഡ് സ്നേക്ക്ബൈറ്റ് മിറ്റിഗേഷൻ. 2030ഓടെ പാമ്പുകടി മൂലമുള്ള മരണങ്ങളും വൈകല്യങ്ങളും പകുതിയായി കുറയ്ക്കുക എന്ന ഇന്ത്യയുടെ ദേശീയ കർമ്മപദ്ധതിയുടെ ലക്ഷ്യം കൈവരിക്കാൻ ഗവേഷണം, കൃത്യസമയത്തുള്ള ചികിത്സ, പൊതുജനാരോഗ്യ സംവിധാനങ്ങൾ, ബോധവൽക്കരണം, നയപരമായ ഇടപെടലുകൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്ന് സൊസൈറ്റി ചൂണ്ടിക്കാട്ടി.

സമ്മേളനത്തോടൊപ്പം സൊസൈറ്റിയുടെ പ്രഥമ ജനറൽ ബോഡി യോഗവും നടന്നു. സംഘടനയുടെ ഭാവി പ്രവർത്തനങ്ങൾ, സംയുക്ത ഗവേഷണ സാധ്യതകൾ, രാജ്യമൊട്ടാകെ പാമ്പുകടി പ്രതിരോധം വ്യാപിപ്പിക്കൽ എന്നിവയെക്കുറിച്ച് യോഗത്തിൽ വിശദമായ ചർച്ച നടന്നു. പാമ്പുകടി മൂലമുള്ള മരണങ്ങൾ പൂർണമായും ഇല്ലാതാക്കുക എന്ന ലക്ഷ്യത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ യോഗം തീരുമാനിച്ചു. പാമ്പുകടി മരണങ്ങളും വൈകല്യങ്ങളും കുറയ്ക്കുന്നതിന് വിവിധ മേഖലകളുടെ സുസ്ഥിരമായ സഹകരണം ആവശ്യമാണെന്ന് ആഹ്വാനം ചെയ്തുകൊണ്ട് സമാപന സമ്മേളനത്തോടെ പരിപാടി അവസാനിച്ചു.

സൊസൈറ്റി ടുഡേ
SOCIETY TODAY



വർമ്മ ഹോംസിന്റെ സീനിയർ ലിവിംഗ് ലക്ഷ്വറി അപ്പാർട്ട്മെന്റ് പ്രൊജക്ടായ വെല്ലേജ് പ്രാണ ബൈ വർമ്മയുടെ തറക്കല്ലിടൽ കർമ്മം കൊച്ചി എയർപോർട്ടിന് സമീപമുള്ള പ്രൊജക്ട് സൈറ്റിൽ വർമ്മ ഹോംസ് ഡയറക്ടർ ഡോ. മിനി വർമ്മ നിർവഹിക്കുന്നു. വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ, വി പി സെയിൽസ് മുഹമ്മദ് ഫറൂഖ് കെ, സ്ഥലം ഉടമകളായ എം ആർ കേശവൻ, കെ പി വേണുഗോപാൽ, വർമ്മ ഹോംസ് വൈസ് പ്രസിഡന്റ് ആരതി വർമ്മ, മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ തുടങ്ങിയവർ സമീപം



കോട്ടയത്ത് മിതമായ നിരക്കിൽ പ്രമേഹ പരിശോധനയുമായി ഹിന്ദ്‌ലാബ്സ്

കോട്ടയം: ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് മിതമായ നിരക്കിൽ പ്രമേഹ പരിശോധനയുമായി ഹിന്ദ്‌ലാബ്സ്. കോട്ടയം ഗാന്ധിനഗറിലെ ഹിന്ദ്‌ലാബ്സിലാണ് പ്രമേഹ രോഗനിർണയത്തിനും നിരീക്ഷണത്തിനുമായി കുറഞ്ഞ നിരക്കിൽ പരിശോധനാ സൗകര്യം ഒരുക്കുന്നത്.

സാധാരണ 500 രൂപ വരുന്ന എച്ച്ബിഎ1സി പരിശോധന ഇവിടെ എച്ച്പിഎൽസി രീതി ഉപയോഗിച്ച് 280 രൂപ മതിയാകും. കഴിഞ്ഞ 23 മാസങ്ങളിലെ ശരാശരി രക്ത ഗ്ലൂക്കോസിന്റെ അളവ് പരിശോധിക്കുന്ന ടെസ്റ്റാണ് എച്ച്ബിഎ1സി.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡിന്റെ ഡയഗ്നോസ്റ്റിക് ശൃംഖലയാണ് ഹിന്ദ്‌ലാബ്സ്.

രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ഊന്നൽ നൽകുന്ന ഈ വർഷത്തെ ലോക പ്രമേഹ ദിന പ്രമേയമായ 'പ്രമേഹത്തിനെതിരെ നേരത്തെയുള്ള നടപടികൾ' എന്ന ആശയവുമായി ചേരുന്നതാണ് ഈ സംരംഭം. തുടർച്ചയായ പരിശോധനകൾ ആവശ്യമുള്ള രോഗികൾക്ക് കുറഞ്ഞ നിരക്കിലുള്ള ഈ പരിശോധനാ സൗകര്യം ഏറെ സഹായകമാകും.

കോട്ടയം ഗവ. മെഡിക്കൽ കോളേജ് ആശുപത്രിയിലെ കാഷ്വാലിറ്റി ഗേറ്റിന് എതിർവശത്തായി 2025 മാർച്ച് 21 മുതൽ ഹിന്ദ്‌ലാബ്സ് ലബോറട്ടറി പ്രവർത്തിച്ചു വരുന്നു.

സാധാരണയായി ചെയ്യാറുള്ള ബയോകെമിസ്ട്രി, ഹെമറ്റോളജി, ക്ലിനിക്കൽ പതോളജി, പ്രത്യേക ഹോർമോൺ പരിശോധനകൾ തുടങ്ങിയവ പുറത്തെ നിരക്കിനേക്കാൾ 40 മുതൽ 60 ശതമാനം വരെ കുറഞ്ഞ നിരക്കിൽ ഇവിടെ ലഭിക്കും.

പിഴവുകൾ ഒഴിവാക്കുന്നതിനായി ലബോറട്ടറി ഇൻഫർമേഷൻ സിസ്റ്റവുമായി ബന്ധിപ്പിച്ചിട്ടുള്ള ഓട്ടോമേറ്റഡ് അനലൈസറുകൾ ഹിന്ദ്‌ലാബ്സിൽ സജ്ജീകരിച്ചിട്ടുണ്ട്. ഒരു പത്തോളജിസ്റ്റിന്റെ സാങ്കേതിക മേൽനോട്ടത്തിൽ പരിചയസമ്പന്നരായ ടെക്നീഷ്യൻസും ബയോകെമിസ്റ്റും ചേർന്നാണ് പരിശോധനകൾ നടത്തുന്നത്.

ഞായറാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും രാവിലെ 6.30 മുതൽ വൈകുന്നേരം 7.30 വരെ ഈ കേന്ദ്രം പ്രവർത്തിക്കുന്നു.

ഇന്ത്യയിലുടനീളമുള്ള ഏകദേശം 230ഓളം കേന്ദ്രങ്ങളടങ്ങുന്ന ഹിന്ദ്‌ലാബ്സ് ശൃംഖലയുടെ ഭാഗമാണിത്. കൂടുതൽ വിവരങ്ങൾക്ക്: 9188913776.



സിൽവർ സ്റ്റോം പാർക്കിന് മികച്ച അർദ്ധ വാർഷിക പ്രകടനം: വരുമാനത്തിൽ 63 ശതമാനം വളർച്ച

കൊച്ചി: പ്രമുഖ വിനോദസഞ്ചാര കേന്ദ്രമായ സിൽവർ സ്റ്റോം പാർക്ക് 202627 സാമ്പത്തിക വർഷത്തിലെ ആദ്യ അർദ്ധ വാർഷികത്തിൽ എക്കാലത്തെയും മികച്ച സാമ്പത്തിക പ്രകടനം കാഴ്ചവെച്ചു. കഴിഞ്ഞ വർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് 63 ശതമാനം വളർച്ചയോടെ കമ്പനിയുടെ ആകെ വരുമാനം 22.1 കോടി രൂപയായി ഉയർന്നു. നികുതി കിഴിച്ചുള്ള അറ്റാദായത്തിൽ 48 ശതമാനം വർദ്ധന രേഖപ്പെടുത്തിയതോടെ ലാഭം 6.05 കോടി രൂപയിലെത്തി. ഈ കാലയളവിൽ പാർക്ക് സന്ദർശിച്ചവരുടെ എണ്ണം 58 ശതമാനം വർദ്ധിച്ച് 2.86 ലക്ഷമായി ഉയർന്നു. കഴിഞ്ഞ ജൂലൈ 31ന് കമ്പനിയുടെ ലിസ്റ്റിംഗ് നടപടികൾ വിജയകരമായി പൂർത്തിയാക്കിയതിന് ശേഷമുള്ള ആദ്യ സാമ്പത്തിക ഫലമാണിത്. പാർക്കിലെ സന്ദർശകരുടെ എണ്ണത്തിലും മൊത്തം വരുമാനത്തിലും ലാഭക്ഷമതയിലും മികച്ച മുന്നേറ്റം കൈവരിക്കാനായതായി സിൽവർ സ്റ്റോം മാനേജിംഗ് ഡയറക്ടർ എ.ഐ. ഷാലിമാർ പറഞ്ഞു. അതിരപ്പിള്ളിയിൽ പുതുതായി പ്രവർത്തനം ആരംഭിച്ച കേബിൾ കാറും ജംഗിൾ വില്ലേജും സന്ദർശകർക്ക് വേറിട്ട അനുഭവമാണ് സമ്മാനിക്കുന്നത്. നിലവിൽ ജംഷഡ്പൂരിൽ പ്രവർത്തിക്കുന്ന സ്നോസ്റ്റോമിന് പുറമെ ലഖ്നൗവിൽ നിർമ്മാണം പൂർത്തിയായി വരുന്ന സ്നോ സ്റ്റോം, ഫാമിലി എന്റർടൈൻമെന്റ് സെന്റർ, ഫുഡ്കോർട്ട് ഉൾപ്പെടെയുള്ള ഷോപ്പിംഗ് സെന്റർ എന്നിവയുടെ ഉദ്ഘാടനം ഉടൻ ഉണ്ടാകുമെന്നും അദ്ദേഹം അറിയിച്ചു.

മഹീന്ദ്ര ഥാർ ഒ.ജി. അവതരിപ്പിച്ചു



കൊച്ചി: മഹീന്ദ്ര ഥാർ ഒ.ജി. യുടെ കേരളത്തിലെ ഔദ്യോഗിക ലോഞ്ച് കാക്കനാട് ചിറ്റിലപ്പിള്ളി സ്കയറിൽ നടന്നു. മഹീന്ദ്ര സൗത്ത് സോണൽ സെയിൽസ് ബിസിനസ് ഹെഡ് ആശിഷ് മിശ്ര, റീജിയണൽ സെയിൽസ് ബിസിനസ് മാനേജർ എം. ആർ. നാരായണൻ, ഥാർ ബ്രാൻഡ് മാനേജർ ഹൃഷിത ദത്ത എന്നിവർ ചേർന്നാണ് പുതിയ മോഡൽ വിപണിയിലിറക്കിയത്.

പുതിയ ഡിസൈൻ മാറ്റങ്ങൾക്കും സാങ്കേതിക നവീകരണങ്ങൾക്കും പ്രാധാന്യം നൽകിയാണ് ഥാർ ഒ.ജി. എത്തിയത്. കൂടുതൽ ക്യാബിൻ സ്പേസും മെച്ചപ്പെട്ട റോഡ് സ്റ്റെബിലിറ്റിയും ഉറപ്പാക്കുന്നതിനായി വികസിപ്പിച്ച, വീതികൂടിയ എംഫ്ലൈഡ് ഫോർജി പ്ലാറ്റ്ഫോമിലാണ് വാഹനം നിർമ്മിച്ചിരിക്കുന്നത്. ദുർഘടമായ പാതകളിലും മികച്ച യാത്രാസുഖം നൽകുന്ന ഡാവിഞ്ചി സസ്പെൻഷൻ, നഗരഓഫ് റോഡ് ഡ്രൈവിംഗ് കൂടുതൽ ആയാസരഹിതമാക്കുന്ന ഇലക്ട്രോണിക് സ്റ്റിയറിംഗ് സംവിധാനം, ഉയർന്ന സുരക്ഷ ഉറപ്പാക്കുന്ന 6 എയർ ബാഗുകൾ എന്നിവ പുതിയ മോഡലിന്റെ പ്രധാന പ്രത്യേകതകളാണ്.

ഐതിഹാസികമായ ബോക്സി ത്രീഡോർ ഡിസൈൻ നിലനിർത്തിക്കൊണ്ടുതന്നെ എക്സ്റ്റീരിയറിലും ഇന്റീരിയറിലും ശ്രദ്ധേയമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എൽ.ഇ.ഡി. പ്രൊജക്ടർ ഹെഡ്‌ലാമ്പുകൾ, എൽ.ഇ.ഡി. ഡി.ആർ.എൽ., പുതുക്കിയ ഗ്രില്ലും ബമ്പറുകളും, ഡ്യുവൽ ടോൺ ഫിനിഷ്, പുതിയ അലോയ് വീലുകൾ എന്നിവ വാഹനത്തിന് കൂടുതൽ കരുത്തുറ്റ ലുക്ക് നൽകുന്നു. ടച്ച്സ്ക്രീൻ ഇൻഫോടെയ്ൻമെന്റ് സിസ്റ്റം, ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ തുടങ്ങിയ അത്യാധുനിക സവിശേഷതകളാണ് ക്യാബിനിലുള്ളത്.

ഡിസൈനിലും കരുത്തിലും സാങ്കേതികവിദ്യയിലും ഒട്ടേറെ പുതുമകളോടെ എത്തിയ മഹീന്ദ്ര ഥാർ ഒ.ജി., കേരളത്തിലെ പ്രീമിയം ഓഫ്റോഡ് എസ്.യു.വി. വിപണിയിൽ വലിയ ചലനം സൃഷ്ടിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

സൊസൈറ്റി ടുഡേ SOCIETY TODAY

ചേസ് ദി ചേഞ്ച് മെർജ് ഫ്യൂച്ചർ ആഗോള ഉച്ചകോടി ജനുവരിയിൽ

2030 ഓടെ ലക്ഷ്യമിടുന്നത് അരലക്ഷം തൊഴിലവസരവും 10,000 കോടി രൂപ വിറ്റുവരവും

കോഴിക്കോട്: വാണിജ്യ, സാങ്കേതിക, നിക്ഷേപ മേഖലകളെ ഒരൊറ്റ വേദിയിൽ അണിനിരത്തി കോഴിക്കോടിനെ ആഗോള കേന്ദ്രമാക്കാൻ ലക്ഷ്യമിട്ട് കാലിക്കറ്റ് ഫോറം ഫോർ ഇൻഫർമേഷൻ ടെക്നോളജി (കാഫിറ്റ്) ഗവ. സൈബർ പാർക്കിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന 'മെർജ് ഫ്യൂച്ചർ 2027' ബിസിനസ്ടെക് ഉച്ചകോടി 2027 ജനുവരി 9, 10 തീയതികളിൽ നടക്കും. കാലിക്കറ്റ് ട്രേഡ് സെന്ററിൽ നടക്കുന്ന ഉച്ചകോടിയുടെ പ്രമേയം 'ചേസ് ദി ചേഞ്ച്'(മാറ്റത്തെ പിന്തുടരൂ) എന്നതാണ്.

ആഗോളതലത്തിൽ ദ്രുതഗതിയിൽ മാറിക്കൊണ്ടിരിക്കുന്ന സാങ്കേതിക മുന്നേറ്റങ്ങളെ പ്രായോഗിക ബിസിനസ് അവസരങ്ങളാക്കി മാറ്റാനും, കോഴിക്കോടിന്റെ ബിസിനസ് സാധ്യതകൾ അന്താരാഷ്ട്രരംഗത്ത് വിപുലീകരിക്കാനും ലക്ഷ്യമിട്ടാണ് ഉച്ചകോടി ഒരുക്കുന്നതെന്ന് കാഫിറ്റ് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

2030ഓടെ കോഴിക്കോടിനെ ദക്ഷിണേന്ത്യയിലെ പ്രമുഖ ബിസിനസ് ഐ.ടി ഹബ്ബാക്കി മാറ്റുക എന്ന ദീർഘവീക്ഷണത്തോടെയാണ് കാഫിറ്റ് ഈ സംരംഭത്തിന് നേതൃത്വം നൽകുന്നതെന്ന് കാഫിറ്റ് പ്രസിഡന്റ് റിഫാത്ത് റഹ്മാൻ പറഞ്ഞു. ഈ മേഖലയിൽ പതിനായിരം കോടി രൂപയുടെ ഐ.ടി അനുബന്ധ വിറ്റുവരവും അമ്പതിനായിരത്തോളം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കുകയാണ് ലക്ഷ്യമിടുന്നത്.

പ്രമുഖ ഐടി അടിസ്ഥാന സൗകര്യ നിർമ്മാതാക്കളായ ഹൈലൈറ്റ് ഗ്രൂപ്പാണ് പരിപാടിയുടെ ടൈറ്റിൽ സ്പോൺസർ. രണ്ടു ദിവസങ്ങളിലായി നടക്കുന്ന ഉച്ചകോടിയിൽ മൂന്ന് പ്രധാന വേദികളിലായി 60 സെഷനുകളും വിവിധ മേഖലകളിൽ നിന്നുള്ള 100 ൽപരം പ്രമുഖരുടെ പ്രഭാഷണവും ഉണ്ടാകും. അത്യാധുനിക ലോകോത്തര സാങ്കേതികവിദ്യകളും ഐടി സേവനങ്ങളും പ്രദർശിപ്പിക്കുന്ന 127 എക്സിബിഷൻ സ്റ്റാളുകളും മേളയുടെ ഭാഗമായുണ്ട്. വ്യവസായ പ്രമുഖർ, സ്റ്റാർട്ടപ്പുകൾ, യുവസംരംഭകർ, നിക്ഷേപകർ, സാങ്കേതിക വിദഗ്ദ്ധർ, വിദ്യാർത്ഥികൾ ഉൾപ്പെടെ പതിനായിരത്തിലധികം പ്രതിനിധികൾ പരിപാടിയിൽ പങ്കെടുക്കുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

കോഴിക്കോടിന്റെ ഐടി ആവാസ വ്യവസ്ഥയ്ക്ക് കരുത്തു പകരുന്നതാകും മെർജ് ഫ്യൂച്ചർ സമ്മേളനമെന്ന് ഗവ. സൈബർപാർക്ക് സിഒഒ വിവേക് നായർ പറഞ്ഞു. ഇത്തരം എല്ലാ ഉദ്യമങ്ങളിലും സൈബർപാർക്കിന്റെ പൂർണ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു.

നിർമ്മിത ബുദ്ധി (എ.ഐ), ഫ്യൂച്ചർ ടെക്, സൈബർ സുരക്ഷ, മാർക്കറ്റിംഗ്, ഇകൊമേഴ്സ്, ഫിൻടെക്, റീട്ടെയിൽ, മാനുഫാക്ചറിംഗ്, ലോജിസ്റ്റിക്സ്, എന്റർപ്രൈസ് സൊല്യൂഷനുകൾ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയ അഞ്ച് സുപ്രധാന മേഖലകൾ കേന്ദ്രീകരിച്ചാണ് ചർച്ചകളും പ്രദർശനങ്ങളും നടക്കുന്നത്. വ്യവസായ സംരംഭകർക്ക് പരസ്പരം സഹകരിക്കാനും നിക്ഷേപ അവസരങ്ങൾ കണ്ടെത്താനും നൂതന സാങ്കേതിക പങ്കാളിത്തങ്ങൾ ഉറപ്പാക്കാനും ഈ വേദി അവസരമൊരുക്കും.

മെർജ് ഫ്യൂച്ചർ സമ്മേളനത്തിന്റെ ചെയർമാൻ അബ്ദുൾ ഗഫൂർ കെ വി, കാഫിറ്റ് സെക്രട്ടറി പ്രജീഷ് കെ കെ, ട്രഷറർ നിതിൻ കെ സി, മുൻ പ്രസിഡന്റ് ഹാരിസ് പി ടി, നിർവാഹക സമിതി അംഗങ്ങളായ അജയ് എം അരവിന്ദ്, അഖിൽ കൃഷ്ണ, ആനന്ദ് ആർ കൃഷ്ണൻ തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനത്തെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ www.mergefuture.com എന്ന വെബ്സൈറ്റിലൂടെ ലഭ്യമാണ്.



സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതിയ സ്മാർട്ട് സിറ്റി കൊച്ചി ശാഖ ലുലു ഐടി ഇൻഫ്ര ബിൽഡിൽ ഐ.ബി.എസ് സോഫ്റ്റ്വെയർ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി. കെ. മാത്യൂസ് ഉദ്ഘാടനം ചെയ്യുന്നു. ഡോ. ടോം എം. ജോസഫ്, അഭിലാഷ് വലിയവളപ്പിൽ, തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ റാഷിദ് ഉള്ളംപിള്ളി, സുശാന്ത് കുറുന്തിൽ, മഹേഷ് മുരളീധർ പൈ, ആന്റോ ജോർജ് ടി, സോണി എ, മിനു മുഞ്ഞേലി, ടിനു ഈഡൻ അമ്പാട്ട്, മാനസ് വി എന്നിവർ സമീപം.

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതിയ സ്മാർട്ട് സിറ്റി, കൊച്ചി ശാഖ പ്രവർത്തനം ആരംഭിച്ചു

കൊച്ചി: ബിസിനസ്, സാങ്കേതിക രംഗങ്ങളിൽ മുന്നേറുന്ന കൊച്ചിയുടെ വളർച്ചയ്ക്ക് കരുത്തേകി സൗത്ത് ഇന്ത്യൻ ബാങ്കിന്റെ പുതിയ സ്മാർട്ട് സിറ്റി കൊച്ചി ശാഖ ലുലു ഐടി ഇൻഫ്ര ബിൽഡിൽ പ്രവർത്തനം ആരംഭിച്ചു. ഐ.ബി.എസ് സോഫ്റ്റ്വെയർ സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി. കെ. മാത്യൂസ് ശാഖയുടെ ഉദ്ഘാടനം നിർവഹിച്ചു. ഉദ്ഘാടനത്തോടൊപ്പം ബാങ്കിന്റെ പുതിയ എഐ അധിഷ്ഠിത ഡിജിറ്റൽ അസിസ്റ്റന്റായ സോന അനാവരണം ചെയ്തു. ബാങ്കിങ് സേവനങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ സംയോജിപ്പിക്കുന്നതിന്റെ ഭാഗമായാണ് ഈ നടപടി.

എടിഎം സർവീസിന്റെ ഉദ്ഘാടനം ജെയിൻ ഡീംഡ് ടുബി യൂണിവേഴ്സിറ്റിയുടെ ന്യൂ ഇനീഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം എം. ജോസഫും, 'സോന'യുടെ അനാച്ഛാദനം ലുലു ഐടി പാർക്സ് കൊച്ചി ഡയറക്ടറും സി.ഇ.ഒയുമായ അഭിലാഷ് വലിയവളപ്പിലും നിർവഹിച്ചു. തൃക്കാക്കര നഗരസഭ ചെയർപേഴ്സൺ റാഷിദ് ഉള്ളംപിള്ളി ലോക്കർ സൗകര്യത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. ഇൻഫോപാർക്ക് സ് ആൻഡ് സൈബർപാർക്ക് കേരള സി.ഇ.ഒ സുശാന്ത് കുറുന്തിൽ, സൗത്ത് ഇന്ത്യൻ ബാങ്കിന്റെ മാനേജിംഗ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ മഹേഷ് മുരളീധർ പൈ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. സോന (ഏജന്റിക് എഐ അസിസ്റ്റന്റ്) ഉപഭോക്താക്കളുമായി വിവിധ ഭാഷകളിൽ തത്സമയം സംസാരിച്ച് ആശയവിനിമയം നടത്തുന്നതിനോടൊപ്പം വായ്പകൾ, എൻആർഐ സേവനങ്ങൾ, അക്കൗണ്ടുകൾ, കാർഡുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുകയും ആവശ്യമായ ബാങ്കിങ് ഉൽപ്പന്നങ്ങൾ തിരഞ്ഞെടുക്കാൻ സഹായിക്കുകയും ചെയ്യും. മുതിർന്ന പൗരന്മാർക്കും ഡിജിറ്റൽ ബാങ്കിങ്ങിൽ മുൻപരിചയമില്ലാത്തവർക്കും ഒരുപോലെ പ്രയോജനകരമാണ് 'സോന'.

ആധുനിക സാങ്കേതികവിദ്യയുടെ വേഗതയും ഡിജിറ്റൽ സേവനങ്ങളുടെ കാര്യക്ഷമതയും ബാങ്കിങ് രംഗത്തെ വിശ്വാസ്യതയുമായി സമന്വയിപ്പിക്കുകയാണ് സൗത്ത് ഇന്ത്യൻ ബാങ്ക് ഇതിലൂടെ ലക്ഷ്യമിടുന്നത്.



ഉത്സവകാല ഡിജിറ്റൽ പേയ്മെന്റുകൾ സുരക്ഷിതമാക്കാൻ എൻപിസിഐയുടെ അഞ്ച് നിർദേശങ്ങൾ

ഉത്സവകാലത്ത് ഓൺലൈൻ, ഓഫ്ലൈൻ ഷോപ്പിംഗും ഡിജിറ്റൽ ഇടപാടുകളും വർധിക്കുന്ന സാഹചര്യത്തിൽ ഉപയോക്താക്കൾക്ക് സുരക്ഷിതമായ പേയ്മെന്റ് അനുഭവം ഉറപ്പാക്കാൻ അഞ്ച് പ്രധാന നിർദേശങ്ങളുമായി നാഷണൽ പേയ്മെന്റ്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻപിസിഐ). ആകർഷകമായ കിഴിവുകളും ക്യാഷ്ബാക്ക് വാഗ്ദാനങ്ങളും പരിമിതകാല ഓഫറുകളും പ്രയോജനപ്പെടുത്താനുള്ള തിരക്കിനിടെ തട്ടിപ്പുകളിൽ അകപ്പെടാനുള്ള സാധ്യതയും വർധിക്കുന്നുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ ജാഗ്രതയും ശരിയായ പരിശോധനയും അനിവാര്യമാണെന്ന് എൻപിസിഐ ചൂണ്ടിക്കാട്ടുന്നു.

NPCI भारतीय राष्ट्रीय भुगतान निगम NATIONAL PAYMENTS CORPORATION OF INDIA ALWAYS FORWARD

1. ഔദ്യോഗിക ആപ്പുകളും വെബ്സൈറ്റുകളും മാത്രം ഉപയോഗിക്കുക: വ്യാജ വെബ്സൈറ്റുകളും ലിങ്കുകളും വഴി വ്യക്തിഗത വിവരങ്ങളും പേയ്മെന്റ് വിവരങ്ങളും തട്ടിയെടുക്കാൻ തട്ടിപ്പുകാർ ശ്രമിക്കാറുണ്ട്. അതിനാൽ ഔദ്യോഗിക ആപ്പുകളിലൂടെയോ വെബ്സൈറ്റുകളിലൂടെയോ മാത്രം ഷോപ്പിംഗ് നടത്തുക. അജ്ഞാത ഉറവിടങ്ങളിൽനിന്നുള്ള ലിങ്കുകളിൽ ക്ലിക്ക് ചെയ്യുകയോ ഫയലുകൾ ഡൗൺലോഡ് ചെയ്യുകയോ ചെയ്യരുത്.

2. ഔദ്യോഗിക പ്ലാറ്റ്ഫോമിലൂടെ മാത്രം പണമടയ്ക്കുക: ഷോപ്പിംഗ് ആപ്പുകൾക്ക് പുറത്തുള്ള യുപിഐ ഐഡികളിലേക്കോ ലിങ്കുകളിലേക്കോ പണം അയയ്ക്കാൻ ആവശ്യപ്പെടുന്നവരെ സൂക്ഷിക്കുക. ഔദ്യോഗിക പേയ്മെന്റ് സംവിധാനത്തിലൂടെ മാത്രം ഇടപാടുകൾ പൂർത്തിയാക്കുകയും വിൽപ്പനക്കാരന്റെ വിവരങ്ങൾ പരിശോധിക്കുകയും ചെയ്യുക.

3. സൗജന്യ വൗച്ചറുകളും ക്യാഷ്ബാക്ക് വാഗ്ദാനങ്ങളും വിശ്വസിച്ച് വഞ്ചിതരാകരുത്: സമ്മാനങ്ങളുടെയും ക്യാഷ്ബാക്കിന്റെയും പേരിൽ ഒടിപി, ബാങ്ക് വിവരങ്ങൾ, മുൻകൂർ പണം എന്നിവ ആവശ്യപ്പെടുന്ന സന്ദേശങ്ങൾ തട്ടിപ്പാകാം. ഇത്തരം സന്ദേശങ്ങളോട് പ്രതികരിക്കാതെ ഔദ്യോഗിക ആപ്പുകളിലൂടെയോ വെബ്സൈറ്റുകളിലൂടെയോ ഓഫറുകൾ സ്ഥിരീകരിക്കുക.

4. അപ്രതീക്ഷിത ഒടിപി അഭ്യർഥനകൾ നിരസിക്കുക: പേയ്മെന്റ് പരാജയപ്പെട്ടെന്നോ അക്കൗണ്ട് തടഞ്ഞെന്നോ അറിയിച്ച് ഒടിപി ആവശ്യപ്പെടുന്ന സന്ദേശങ്ങളിൽ ജാഗ്രത പാലിക്കുക. ഉപയോക്താവ് ആരംഭിച്ച ഇടപാടുകൾ സ്ഥിരീകരിക്കാൻ മാത്രമാണ് ഒടിപി ഉപയോഗിക്കേണ്ടത്. ബാങ്കുകളോ പേയ്മെന്റ് ആപ്പുകളോ ഫോണിലൂടെയോ സന്ദേശങ്ങളിലൂടെയോ ഒടിപി ആവശ്യപ്പെടില്ല. ആരുമായും ഒടിപി പങ്കുവയ്ക്കരുത്.

5. തിടുക്കപ്പെട്ട തീരുമാനങ്ങൾ ഒഴിവാക്കുക: ഓഫർ ഉടൻ അവസാനിക്കുമെന്നോ അക്കൗണ്ട് തടയപ്പെടുമെന്നോ പറഞ്ഞ് സമ്മർദം ചെലുത്തുന്നത് തട്ടിപ്പുകാരുടെ തന്ത്രമാണ്. ഇത്തരം സന്ദേശങ്ങളോട് ഉടൻ പ്രതികരിക്കാതെ ഔദ്യോഗിക ആപ്പുകൾ, വെബ്സൈറ്റുകൾ, ഉപഭോക്തൃസേവന സംവിധാനങ്ങൾ എന്നിവയിലൂടെ വിവരങ്ങൾ പരിശോധിക്കുക.

സുരക്ഷിതമായ ഡിജിറ്റൽ ഇടപാടുകൾക്കായി 'സ്റ്റോപ്പ്, തിങ്ക്, ആക്ട്' എന്ന തത്വം പിന്തുടരണമെന്നും എൻപിസിഐ നിർദേശിക്കുന്നു. അപ്രതീക്ഷിതമായ അഭ്യർഥനകൾ ലഭിക്കുമ്പോൾ ശ്രദ്ധിച്ചു, വിവരങ്ങളുടെ വിശ്വാസ്യത പരിശോധിച്ചശേഷം മാത്രം പ്രതികരിക്കുക. ഈ ജാഗ്രതയിലൂടെ പണവും വ്യക്തിഗത വിവരങ്ങളും സുരക്ഷിതമാക്കാൻ സാധിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY



മുൻ ത്രോ ബോൾ താരം അശ്വതിയുടെ വീടിന്റെ ജപ്തിയൊഴിവാക്കി വീടിന്റെ താക്കോൽ ലുലു പ്രതിനിധികളായ മീഡിയ ഹെഡ് എൻ.ബി സ്വരാജും കോഴിക്കോട് ലുലു റീജണൽ ഡയറക്ടർ ഷെരീഫ് മാട്ടിലും ചേർന്ന് കൈമാറുന്നു. കേരള ബാങ്ക് വൈസ് ചെയർമാൻ ടി.വി രാജേഷും, കേരള ബാങ്ക് പ്രതിനിധികളും സമീപം

അശ്വതിക്കും കുഞ്ഞുങ്ങൾക്കും സ്വന്തം കൂരയിൽ അന്തിയുറങ്ങാം; ബാങ്ക് ജപ്തിയിൽ നിന്ന് രക്ഷിച്ച് വീടിന്റെ താക്കോൽ കൈമാറി എം.എ യൂസഫലി

വീട് നവീകരണത്തിനും ജീവിതച്ചിലവിനുമായി അഞ്ച് ലക്ഷം രൂപയുടെ ധനസഹായവും കൈമാറി

കണ്ണൂർ: പിഞ്ചുകുഞ്ഞുങ്ങളുൾപ്പെട്ട കുടുംബവുമായി ജപ്തി ചെയ്ത വീടിന്റെ അടുക്കള വരാന്തയിൽ കഴിഞ്ഞ മുൻ ത്രോ ബോൾ താരം അശ്വതിക്ക് സഹായവുമായി എം.എ യൂസഫലി. കേരളാ ബാങ്കിലെ കടബാധ്യത ലുലു ഗ്രൂപ്പ് ചെയർമാൻ എം എ യൂസഫലി അടച്ചു തീർത്ത് വീടിന്റെ താക്കോൽ കൈമാറി. എം.എ യൂസഫലിയുടെ നിർദേശാനുസരണം ലുലു മീഡിയ ഹെഡ് എൻ.ബി സ്വരാജ്, കോഴിക്കോട് ലുലു റീജണൽ ഡയറക്ടർ ഷെരീഫ് മാട്ടിൽ എന്നിവർ ചേർന്നാണ് അശ്വതിയുടെ വീടിന്റെ താക്കോൽ തളിപ്പറമ്പിലെ വീട്ടിലെത്തി കൈമാറിയത്. പറഞ്ഞറിയിക്കാൻ വാക്കുകളില്ലെന്നും തന്റെ കുടുംബം യൂസഫലി സാറിനോട് എന്നും കടപ്പെട്ടിരിക്കുമെന്നും അശ്വതി നിറകണ്ണുകളോടെ പ്രതികരിച്ചു. യൂസഫലി സാറിനെ ഒരിക്കലെങ്കിലും നേരിട്ട് കാണണമെന്ന ആഗ്രഹവും അശ്വതി പങ്കുവച്ചു.

സ്വന്തമായി ഒരു വീട് പണിയുന്നതിനായി കേരള ബാങ്കിന്റെ തളിപ്പറമ്പ് ശാഖയിൽ നിന്ന് എടുത്ത 15 ലക്ഷം രൂപയുടെ വായ്പ്പ തിരിച്ചടവ് മുടങ്ങിയതോടെയാണ് അശ്വതിയുടെ ജീവിതം ദുരിതത്തിലായത്. വീട് നിർമ്മിക്കാനായി ആകെയുണ്ടായിരുന്ന ഭൂമി പണയം വെച്ച് കേരളാ ബാങ്കിൽ നിന്ന് 15 ലക്ഷം രൂപ എടുത്തു. ഭർത്താവ് നിധിന് അപകടത്തിലുണ്ടായ പരിക്കോടെ ജീവിത വരുമാനവും നിലച്ചു.

അമ്മയും അച്ഛനും രോഗികൾ കൂടിയായതോടെ തിരിച്ചടവ് മുടങ്ങി. പലിശയും കൂട്ട് പലിശയും ഉൾപ്പടെ 35 ലക്ഷം രൂപ തിരിച്ചടക്കാതെ വന്നതോടെ ബാങ്ക് അധികൃതർ വീട് ജപ്തി ചെയ്ത് സീൽ ചെയ്തു. ഈ വീടിന്റെ അടുക്കള വരാന്തയിലാണ് കഴിഞ്ഞ നാല് മാസമായി അശ്വതിയും കുഞ്ഞുങ്ങളും താമസിക്കുന്നത്.

ലണ്ടനിൽ നിന്ന് അബുദാബിയിലേക്കുള്ള യാത്രക്കിടയിലാണ് അശ്വതിയുടെ ദുരിത വാർത്ത എം.എ യൂസഫലിയുടെ ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് വേഗത്തിൽ തന്നെ വിഷയത്തിൽ ഇടപെടുകയും ബാങ്കിലെ മുഴുവൻ ബാധ്യതകളും ഏറ്റെടുക്കുകയായിരുന്നു. ലുലു പ്രതിനിധികൾ നടത്തിയ ചർച്ചയ്ക്ക് ഒടുവിൽ 35 ലക്ഷത്തിന്റെ ബാധ്യത 22 ലക്ഷമായി കേരള ബാങ്ക് ഇളവ് നൽകുകയും ഈ തുക എം.എ യൂസഫലിക്ക് വേണ്ടി ലുലു പ്രതിനിധികൾ ബാങ്കിൽ അടയ്ക്കുകയും ചെയ്തു.

ലുലു കോഴിക്കോട് ഡയറക്ടർ ഷെരീഫ് മാട്ടിൽ അശ്വതിയുടേയും കുടുംബത്തിന്റേയും ദുരിത ജീവിതം നേരിട്ട് കണ്ട് മനസിലാക്കി ലുലുഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലിക്ക് നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അശ്വതിയുടെ വീടിന്റെ നവീകരണത്തിനും ചിലവുകൾക്കുമായി അഞ്ച് ലക്ഷം രൂപ കൂടി സഹായധനമായി കൈമാറുകയും ചെയ്തു.

വി മൂവീസ് ആൻഡ് ടിവിയിൽ ഇനി 35 രൂപയ്ക്ക് റീജിയണൽ ഒടിടി

കൊച്ചി: പ്രാദേശിക ഭാഷകളിലെ വിനോദ ഉള്ളടക്കങ്ങൾക്ക് പ്രാധാന്യം വർധിക്കുന്ന സാഹചര്യത്തിൽ, വിയുടെ കണ്ടന്റ് അഗ്രഗേറ്റർ ആപ്പായ വി മൂവീസ് ആൻഡ് ടിവി 35 രൂപയുടെ പുതിയ റീജിയണൽ ഒടിടി പാക്ക് അവതരിപ്പിച്ചു. ഇന്ത്യയിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള റീജിയണൽ ഒടിടി പാക്കുകളിലൊന്നായ ഇതിലൂടെ പ്രാദേശിക ഭാഷകളിലെ വിനോദ ഉള്ളടക്കങ്ങൾ കുറഞ്ഞ ചെലവിൽ ആസ്വദിക്കാം.

ഒമ്പത് ഇന്ത്യൻ ഭാഷകളിലായി ലഭ്യമായ ആറ് ഒടിടി പ്ലാറ്റ്ഫോമുകളിൽ നിന്ന് ഇഷ്ടമുള്ള രണ്ട് പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുക്കാൻ അർഹരായ വി പ്രീപെയ്ഡ് ഉപയോക്താക്കൾക്ക് അവസരമുണ്ട്.

തമിഴ്, തെലുങ്ക്, മലയാളം, കന്നഡ ഭാഷകളിലെ ഉള്ളടക്കങ്ങൾക്കായി സോണിലിവ് സൗത്ത്; പഞ്ചാബി, ഹരിയാൻവി, ഭോജ്പുരി ഭാഷകൾക്കായി ചൗപാൽ; മലയാളത്തിനായി മനോരമമാക്സ്; ബംഗാളിക്കായി ക്ലിക്ക്, അഡാടൈംസ്; ഒഡിയ ഭാഷയ്ക്കായി ആവോ നെക്സ്റ്റ് എന്നിവയിൽ നിന്ന് തിരഞ്ഞെടുക്കാം. ഓരോ പ്ലാറ്റ്ഫോമിനും പ്രത്യേകം സബ്സ്ക്രിപ്ഷൻ എടുക്കാതെ പ്രിയപ്പെട്ട പ്രാദേശിക വിനോദങ്ങൾ ആസ്വദിക്കാനുള്ള സൗകര്യമാണ് ഇതിലൂടെ ലഭിക്കുന്നത്.



മൊബൈൽ ഉപയോക്താക്കൾക്ക് മാത്രമുള്ള 35 രൂപയുടെ ഈ പാക്കിൽ 28 ദിവസത്തേക്ക് രണ്ട് റീജിയണൽ ഒടിടി പ്ലാറ്റ്ഫോമുകളിലേക്കുള്ള പ്രവേശനവും ഏഴ് ദിവസത്തെ കാലാവധിയുള്ള ഒരു ജിബി ഡാറ്റയും ഉൾപ്പെടുന്നു. സജീവ സർവീസ് വാലിഡിറ്റിയുള്ള റീചാർജ് ചെയ്ത അർഹരായ വി പ്രീപെയ്ഡ് ഉപയോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. വി ആപ്പ് വഴിയോ മറ്റ് റീചാർജ് ആപ്പുകൾ വഴിയോ പാക്ക് സ്വന്തമാക്കാം. റീചാർജിന് ശേഷം വി നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇഷ്ടമുള്ള രണ്ട് ഒടിടി പ്ലാറ്റ്ഫോമുകൾ തിരഞ്ഞെടുത്ത് വി മൂവീസ് ആൻഡ് ടിവി ആപ്പിലൂടെ സേവനം സജീവമാക്കാം.



പെഹ്ലേ വിന്റർ കാ പെഹ്ലാ ലെയർ പുതിയ ക്യാമ്പയിനുമായി ഹിമാലയ ബേബികെയർ

കൊച്ചി: കുഞ്ഞിന്റെ ആദ്യ ശൈത്യകാലത്ത് ചർമ്മപരിചരണവുമായി ബന്ധപ്പെട്ട മാതാപിതാക്കളുടെ സംശയങ്ങൾ പരിഹരിക്കാൻ പുതിയ ക്യാമ്പയിനുമായി ഹിമാലയ ബേബികെയർ. 'പെഹ്ലേ വിന്റർ കാ പെഹ്ലാ ലെയർ' എന്ന ക്യാമ്പയിനിലൂടെ ഹിമാലയ ബേബി ലോഷനും ബേബി ക്രീമും കുഞ്ഞിന്റെ ശൈത്യകാല പരിചരണത്തിന്റെ ഭാഗമാക്കേണ്ടതിന്റെ പ്രാധാന്യമാണ് കമ്പനി അവതരിപ്പിക്കുന്നത്.

ശൈത്യകാലത്ത് കുഞ്ഞിന് ലോഷനോ ക്രീമോ ആവശ്യമുണ്ടോ, എണ്ണയ്ക്കൊപ്പം ഇവ ഉപയോഗിക്കേണ്ടതുണ്ടോ, കുഞ്ഞുങ്ങൾക്ക് പ്രത്യേക ചർമ്മപരിചരണ ഉൽപ്പന്നങ്ങൾ വേണമോ തുടങ്ങിയ സാധാരണ സംശയങ്ങൾക്കാണ് ക്യാമ്പയിൻ മറുപടി നൽകുന്നത്. ഒരു പ്രധാന ചിത്രവും ആറ് ഹ്രസ്വ ചിത്രങ്ങളും ഉൾപ്പെടുന്ന ക്യാമ്പയിൻ കുഞ്ഞുങ്ങളുടെ ചർമ്മപരിചരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ലളിതമായി അവതരിപ്പിക്കുന്നു. 97 ശതമാനം നാച്ചറൽ ഒറിജിൻ ഇൻഗ്രിഡിയന്റ്സും പെന്റാ മോയ്സ്ചർ ലോക്കുമാണ് ഉൽപ്പന്നങ്ങളുടെ പ്രധാന സവിശേഷതകൾ.

കുഞ്ഞിന്റെ ആദ്യ ശൈത്യകാലം മാതാപിതാക്കൾക്ക് ഏറെ പ്രത്യേകതയുള്ള ഘട്ടമാണെന്നും ഈ സമയത്തെ പരിചരണവുമായി ബന്ധപ്പെട്ട സംശയങ്ങൾ പരിഹരിച്ച് ആത്മവിശ്വാസം നൽകുകയാണ് ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നതെന്നും ഹിമാലയ വെൽനസ് കമ്പനിയുടെ ബേബികെയർ ഡയറക്ടർ ചക്രവർത്തി എൻ.വി. പറഞ്ഞു.

മലയാളം ഉൾപ്പെടെ പത്ത് ഇന്ത്യൻ ഭാഷകളിൽ ക്യാമ്പയിൻ അവതരിപ്പിക്കും.

ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് പദ്ധതി അവതരിപ്പിച്ച് എച്ച്ഡിഎഫ്സി ബാങ്ക്

കൊച്ചി: ക്യാപിറ്റൽ ഗെയിൻസ് അക്കൗണ്ട് പദ്ധതി , 1988 പ്രകാരം നിക്ഷേപങ്ങൾ സ്വീകരിക്കാൻ എച്ച്ഡിഎഫ്സി ബാങ്കിന് കേന്ദ്രസർക്കാർ അനുമതി നൽകി. പുനർനിക്ഷേപം നടത്താത്ത മൂലധന നേട്ടങ്ങൾ പരമാവധി മൂന്ന് വർഷം വരെ ബാങ്കിൽ നിക്ഷേപിച്ച് നികുതി ഇളവ് നേടുന്നതിനൊപ്പം പലിശയും ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കും. സേവിങ്സ് അക്കൗണ്ട്, സ്ഥിരനിക്ഷേപം എന്നീ സൗകര്യങ്ങൾ നഗര, അർധനഗര ശാഖകളിൽ ലഭ്യമാണ്. സീറോ ബാലൻസ് സൗകര്യം, ത്രൈമാസ പലിശ വിതരണം, നെറ്റ് ബാങ്കിങ്, മൊബൈൽ ബാങ്കിങ് വഴി നിക്ഷേപ വിവരങ്ങൾ അറിയാനുള്ള സൗകര്യം എന്നിവയും പദ്ധതിയുടെ പ്രത്യേകതകളാണ്. നിലവിൽ എല്ലാ റസിഡന്റ് ഇന്ത്യൻ പൗരന്മാർക്കും ഈ നിക്ഷേപ സൗകര്യം പ്രയോജനപ്പെടുത്താം.

ക്യുഎസ് ഏഷ്യ സർവകലാശാലാ റാങ്കിങ്ങിൽ കുസാറ്റിന് മികച്ച നേട്ടം

കൊച്ചി: ക്യുഎസ് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്സ്: ഏഷ്യ 2027ൽ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല (കുസാറ്റ്) 517ാം സ്ഥാനം നേടി. ഏഷ്യൻ ഉന്നതവിദ്യാഭ്യാസ രംഗത്ത് സർവകലാശാലയുടെ വളരുന്ന സാന്നിധ്യവും നിലവാരവും ഈ നേട്ടം അടിവരയിടുന്നു. 2024ൽ ക്യുഎസ് ഏഷ്യ റാങ്കിങ്ങിൽ ആദ്യമായി ഇടം നേടിയപ്പോൾ 651–700 ബാൻഡിലായിരുന്നു കുസാറ്റ്. തുടർന്ന് 2025ൽ 601–620 ബാൻഡിലേക്കും 2026ൽ 509ാം റാങ്കിലേക്കും ഉയർന്നു. ഇതോടെ ഏഷ്യയിലെ മികച്ച 550 സർവകലാശാലകളിൽ ഇടം നേടാനും കുസാറ്റിന് കഴിഞ്ഞു.

2027ലെ റാങ്കിങ്ങിൽ 517ാം സ്ഥാനം നിലനിർത്തിയതിലൂടെ, വർധിച്ചുവരുന്ന അന്താരാഷ്ട്ര മത്സരങ്ങൾക്കിടയിലും സർവകലാശാലയുടെ തുടർച്ചയായ മുന്നേറ്റം പ്രകടമായി. അക്കാദമിക മികവ്, ഗുണമേന്മയുള്ള ഗവേഷണം, നവീകരണം, അന്താരാഷ്ട്ര സഹകരണം, ആഗോള അക്കാദമിക അംഗീകാരം എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള കുസാറ്റിന്റെ നിരന്തര പ്രതിബദ്ധതയാണ് ഈ നേട്ടം പ്രതിഫലിപ്പിക്കുന്നത്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com